LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) SEBI(s)-യുടെ AIF റെഗുലേഷൻ 2012 വകുപ്പ് 2(1)(ബി) അനുസരിച്ച് ട്രസ്റ്റ്, കമ്പനി, ബോഡി, കോർപ്പറേറ്റ് അല്ലെങ്കിൽ ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് രൂപത്തിലുള്ളതും നിലവിൽ സെബി ഫണ്ട് മാനേജ്മെന്റ് റെഗുലേഷൻ പരിധിയിൽ വരാത്തതും (മൃച്വൽ ഫണ്ട്, കളക്ടീവ് ഇൻവെസ്റ്റ്മെന്റ് സ്കീം റെഗുലേഷൻ എന്നിവ പോലെ) അല്ലെങ്കിൽ മറ്റ് മേഖലാ റെഗുലേറ്റർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരാത്തതുമായ ഏതൊരു സ്വകാര്യ സമാഹരണ ഇൻവെസ്റ്റ്മെന്റ് ഫണ്ടും (ഇന്ത്യയിൽ അല്ലെങ്കിൽ വിദേശത്ത് നിന്നോ) എന്നതാണ് ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടിന്റെ നിർവ്വചനം. അടിസ്ഥാന സൗകര്യവികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് ഈ മാർഗ്ഗം അവലംബിക്കാവുന്നതാണ്.

(ബി) വികസന പ്രവർത്തനങ്ങൾക്കായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

വിമുക്തഭടൻമാർക്കുള്ള സമയബന്ധിത ഹയർ ഗ്രേഡ്

78 (3183) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-9-2015-ലെ സർക്കാർ ഉത്തരവ്(പി) നമ്പർ 408/2015/ധന. പ്രകാരം ഏത് തീയതി മുതലാണ് സർവ്വീസിലുള്ളതും വിരമിച്ചതുമായ വിമുക്തഭടൻമാർക്ക് സമയബന്ധിത ഹയർ ഗ്രേഡിന് അർഹതയുള്ളത്;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളിൽ സർജെന്റ്, അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ, തുടങ്ങിയ തസ്തികകളിൽ നിന്ന് വിരമിച്ച വിമുക്തഭടൻമാർക്ക് ഈ ഉത്തരവ് പ്രകാരം അവർക്ക് അർഹതപ്പെട്ടിരുന്ന സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്പഷ്ടീകരണം അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഉത്തരവ് പ്രകാരം ഇപ്പോൾ സർവ്വീസിലുള്ള വിമുക്തഭടൻമാർക്ക് മാത്രമേ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചുവരുന്നുള്ളുവെന്നും ആയതിനാൽ വിരമിച്ചവർക്ക് അർഹതപ്പെട്ട സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ സത്വര നടപടി സ്വീകരിക്കുന്നില്ലായെന്നുമുള്ള കാര്യം പരിഗണിച്ച് വിരമിച്ചവർക്ക് കൂടി അർഹതപ്പെട്ട സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മുൻകാല വാർ/മിലിട്ടറി സർവ്വീസുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സിവിൽ അപ്പീൽ നമ്പർ 3136/2015-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 25-3-2015-ലെ വിധിയെ തുടർന്ന് പുറപ്പെടുവിച്ച 14-9-2015-ലെ ജി. ഒ (പി.) നമ്പർ 408/2015/ഫിൻ. സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ടി കേസ്സുകളിലെ കക്ഷികൾക്ക് പുറമെ ടി ഉത്തരവിന്റെ തീയതിയായ 14-9-2015-ൽ സംസ്ഥാന സർക്കാർ സർവ്വീസിലുള്ളവരും 14-9-2015-ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്നവരുമായ വിമുക്തഭടന്മാരായ സംസ്ഥാന സർക്കാർ ജീവനക്കാർക്ക്, ടി ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതിയിൽ ലഭിക്കാൻ അർഹതയുണ്ട്. 14-9-2015-ന് മുമ്പ് സംസ്ഥാന സർക്കാർ സർവ്വീസിൽനിന്ന് വിരമിച്ച വിമുക്തഭടന്മാരായ ജീവനക്കാർക്ക് ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ അർഹതയില്ല.

(ബി) 14-9-2015-ലെ ജി. ഒ. (പി.) നമ്പർ 408/2015/ഫിൻ. സർക്കാർ ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹരായവർ ആരൊക്കെയാണെന്ന് പിരിവ് 'എ' ചോദ്യത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്.

(ഡി) 14-9-2015-ന് മുമ്പ് സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ച വിമുക്തഭടന്മാരായ ജീവനക്കാർക്ക് ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ അർഹതയില്ല. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഇത്തരക്കാർക്കുകൂടി ടി ഉത്തരവിന്റെ ആനുകൂല്യം അനുവദിച്ച് നൽകാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly